# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11.06.2019-ൽ |
| ചോദ്യം നമ്പർ 1261 | മറുപടിക്ക് |

**<u>രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.ദിവാകരൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിലെ 40 ഓഫീസുകൾ ആധുനീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് ക്യാബിൻ അനുവദിക്കുകയും, ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഇരിപ്പിടങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ സൂക്ഷിക്കുന്നതിനായി 19 ഓഫീസുകളിൽ അത്യാധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഓഫീസ് റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായി വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലെ 18,438 രജിസ്റ്റർ വാല്യങ്ങൾ ബയന്റ് ചെയ്തിട്ടുണ്ട്. |
| ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് കിഫ്ബി പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ 52 ഓഫീസുകൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 05/12/2017-ലെ സ.ഉ.(സാധാ)995/17/നി.വ. നമ്പർ ഉത്തരവ് പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു. |
| സി) | തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ഓഫീസുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | സി) | നേമം രജിസ്ട്രേഷൻ കോംപ്ലക്സ്, കാഞ്ഞിരംകുളം, മലയിൻകീഴ്, തിരുവല്ലം, കന്യാകുളങ്ങര, നാവായിക്കുളം, ചിറയിൻകീഴ്, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെയും നിർമ്മാണ പ്രവൃത്തികളും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികളുമാണ് പദ്ധതിയിൽ |

ഉൾപ്പെടുത്തിയിട്ടുള്ളത്.

1. നേമം രജിസ്ട്രേഷൻ കോംപ്ലക്സ് പരിഷ്കരിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. കാഞ്ഞിരംകുളം - ഫൗണ്ടേഷൻ നിർമ്മാണം നടന്നു വരുന്നു.

3. മലയിൻകീഴ് - നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

4. തിരുവല്ലം - കെട്ടിട നിർമ്മാണ പെർമിറ്റ് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിക്കുന്നതിന് പരിഷ്കരിച്ച പ്ലാൻ സമർപ്പിച്ചിട്ടുണ്ട്.

5. കന്യാകുളങ്ങര - നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

6. നാവായിക്കുളം - 21 പില്ലറുകളിൽ 17 എണ്ണം പൂർത്തികരിച്ചിട്ടുണ്ട്.

7. ചിറയിൻകീഴ് - ടെണ്ടർ തുറന്നു. ടെണ്ടർ കമ്മിറ്റിയുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

8. വർക്കല - കെട്ടിട നിർമ്മാണ അനുമതിയ്ക്കായി സോണൽ എക്സംപ്ഷന് വേണ്ടി പരിഷ്കരിച്ച സൈറ്റ് പ്ലാനും അപേക്ഷയും മേഖലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് അയച്ചിട്ടുണ്ട്.

9. ആറ്റിങ്ങൽ - അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - 2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ- 52 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ഇ) വകുപ്പ്

**സ.ഉ.(സാധാ) നം./995/2017/നി.വ** തീയതി,തിരുവനന്തപുരം, 05/12/2017

പരാമർശം:- 1. 08.08.2016ലെ ജി.ഒ.(എം.എസ്)135/16/ഫിൻ നമ്പർ ഉത്തരവ്

2. 25.02.2017ലെ ജി.ഒ.(ആർ.റ്റി)140/17/നിവ നമ്പർ ഉത്തരവ്

3. 14.09.2017ലെ ജി.ഒ.(ആർ.റ്റി)753/17/നിവ നമ്പർ ഉത്തരവ്

4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 10.11.2017ലെ ഫിൻ-5/131/16, 23.10.2017ലെ ഫിൻ5-/4207/16 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2016-17 ലെ ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ നീക്കി വച്ചിരുന്നു. ഇത് പ്രകാരം മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾ ഉൾപ്പെടെ 15 രജിസ്ട്രേഷൻ ഓഫീസുകളുടെ നിർമ്മാണത്തിന് 49.75 കോടി രൂപയുള്ള പ്രവർത്തികൾക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ Special Purpose Vehicle ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾ മാത്രമേ കിഫ്ബി ഏറ്റെടുക്കുകയുള്ളൂ എന്നതിനാൽ മേൽ പറഞ്ഞ 15 ഓഫീസുകൾക്ക് പുറമേ 37 ഓഫീസുകളുടെ നിർമ്മാണത്തിന് കൂടിയുള്ള പ്ലാനും എസ്റ്റിമേറ്റും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയും അതുപ്രകാരം 52 ഓഫീസുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരുന്ന 105,30,65,000/- രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (4)ലെ 23.10.2017ലെ കത്തുപ്രകാരം അപേക്ഷിയ്ക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് - പരാമർശം (1)ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിധേയമായി താഴെപ്പറയുന്ന 52 ഓഫീസുകളുടെ കെട്ടിടനിർമ്മാണത്തിന് ആവശ്യമായിവരുന്ന 100 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയും, പരാമർശം (2)ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| പുതിയ കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഓഫീസുകൾ | |
|---|---|
| ജില്ല | ഓഫീസുകളുടെ പേര് |
| തിരുവനന്തപുരം | മലയിൻകീഴ്, കന്യാകുളങ്ങര, നേമം രജി.കോംപ്ലക്സ്, വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ (അറ്റകുറ്റപ്പണികൾ), നാവായിക്കുളം |

| | |
|---|---|
| കൊല്ലം | കൊല്ലം |
| ആലപ്പുഴ | മരാരിക്കുളം |
| കോട്ടയം | കോട്ടയം രജി . കോംപ്ലക്സ്, കടുത്തുരുത്തി |
| ഇടുക്കി | തൊടുപുഴ, ഉടുമ്പൻചോല, തോപ്രാംകുടി |
| എറണാകുളം | കോതമംഗലം, കുഴുപ്പിള്ളി |
| തൃശ്ശൂർ | മുണ്ടൂർ, കന്നകുളം, അക്കിക്കാവ്, അണ്ടത്തോട്, പഴയന്നൂർ, തൃപ്രയാർ, കല്ലേറ്റുംകര |
| പാലക്കാട് | ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, തൃത്താല, കുഴൽമന്ദം |
| മലപ്പുറം | കുറ്റിപ്പുറം, കൽപകഞ്ചേരി, താനൂർ, തേഞ്ഞിപ്പാലം, മലപ്പുറം, പരപ്പനങ്ങാടി |
| കോഴിക്കോട് | കോഴിക്കോട് രജി.കോംപ്ലക്സ്, വെസ്റ്റ്ഹിൽ, ചാത്തമംഗലം, വില്യാപ്പിള്ളി, പയ്യോളി, ഫറോക്ക്, പേരാമ്പ്ര, അഴിയൂർ, നാദാപുരം, നടുവണ്ണൂർ, ചേളന്നൂർ, തിരുവള്ളൂർ |
| വയനാട് | മാനന്തവാടി |
| കണ്ണൂർ | തളിപ്പറമ്പ് (rough cost estimate), ഉളിയിൽ (rough cost estimate) |
| കാസറഗോഡ് | ഉദുമ, തൃക്കരിപ്പൂർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് & എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ജില്ലാ രജിസ്ട്രാർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തീർപ്പുഫയൽ ജി.ഒ.(ആർ.റ്റി)140/17/നിവ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ സിദ്ധീകരിക്കുന്നതിന്)

സെക്ഷൻ ഓഫീസർ